**വ്യക്തിഗത വിദേശനാണ്യവിനിമയ ഇടപാടുകൾ എളുപ്പമാക്കൽ:**

**<u>ആർ ബി ഐ  താരാപ്പൂർ കമ്മിറ്റി ശുപാർശകൾ നടപ്പാക്കുന്നു.</u>**

വ്യക്തികളുടെ വിദേശവിനിമയ ഇടപാടുകൾ രൂപാ ഇടപാടുകളോളം എളുപ്പമാക്കുക എന്ന ലക്ഷ്യത്തോടെ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ പലതരം നടപടികളും കൈകൊണ്ടിരിക്കുന്നു. 2004 ഫെബ്രുവരിയിൽ നിലവിൽ വന്ന, 25,000 യു എസ് ഡോളർ വരെ വ്യക്തിഗത പണമടവ് ഉദാരവൽക്കരണ പദ്ധതി, എംപ്ലോയീസ് സ്റ്റോക്ക് ഓപ്ഷൻ ഇളവു നിരക്കുകളിൽ നൽകുന്നതിനുള്ള നിയന്ത്രോണോപാധി നീക്കം ചെയ്യൽ എന്നിവ ഈ നടപടികളിൽ പെടുന്നു. വിദേശ വിനിമയ മാനേജ്മെന്റ് ആക്ട്, 1999 നടപ്പാക്കുന്നത് കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ പേര് വിദേശ നിയന്ത്രണ വകുപ്പ് (എക്സ്ചേഞ്ച് കൺട്രോൾ ഡിപ്പാർട്ട്മെന്റ്) എന്നതിൽ നിന്ന് വിദേശ നാണ്യ വിനിമയ വകുപ്പ് (ഫോറിൻ എക്സ്ചേഞ്ച് ഡിപ്പാർട്ട്മെന്റ്) എന്നാക്കുകയും അതൊരു ഒതുക്കമുള്ള തന്ത്രപരമായ കർമ്മസേനയായി പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്. തങ്ങളുടെ അംഗീകൃത ഡീലർ  ശാഖകളിൽ ഉപഭോക്താക്കളുമായി ആദ്യം ഇടപെടുന്ന സ്ഥാനത്ത് പരിശീലനം ലഭിച്ച ജീവനക്കാരെ നിയമിക്കാൻ ബാങ്കുകളോട് റിസർവ് ബാങ്ക് ഉപദേശിച്ചിട്ടുണ്ട്.

2003 നവംബറിൽ നടന്ന മധ്യകാല റിവ്യൂമോണിറ്ററി ആന്റ് ക്രഡിറ്റ് നയത്തിന്റെ പിൻതുടർച്ചയായി റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, പൊതുസേവനങ്ങളുടെ നടപടിക്രമങ്ങൾ, പ്രകടനം എന്നിവയുടെ ഓഡിറ്റ് സംബന്ധിച്ച ഒരു സമിതി(അധ്യക്ഷൻ ശ്രീ എസ് എസ് താരപ്പൂർ, മുൻ ഡെപ്യൂട്ടി ഗവർണർ, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ) രൂപവത്കരിച്ചിരുന്നു. വ്യക്തിഗത ഉപഭോക്തൃ ഇടപാടുകളെ നേരിട്ട് ബാധിക്കുന്ന നാല് വ്യത്യസ്ത മേഖലകൾക്ക് കീഴിൽ വരുന്ന റിസർവ് ബാങ്കിന്റെ നടപടിക്രമങ്ങളും പ്രകടനവും താരാപ്പൂർ കമ്മിറ്റി പരിശോധിച്ചു.  വിദേശവിനിമയം, സർക്കാർ ഇടപാടുകൾ, ബാങ്കിംഗ് പ്രവർത്തനങ്ങൾ, കറൻസി മാനേജ്മെന്റ് എന്നിവയായിരുന്നു ഈ നാല് മേഖലകൾ.  താരാപ്പൂർ കമ്മിറ്റി  2004 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.  റിസർവ് ബാങ്കാകട്ടെ താരാപ്പൂർ കമ്മിറ്റി യുടെ ശുപാർശകൾ പരിശോധിക്കുകയും ഓരോ മേഖലയിലും അവ നടപ്പാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.  റിസർവ് ബാങ്ക് ഓരോ മേഖലയിലും കൈക്കൊണ്ട നടപടികൾ വിവരിക്കുന്ന കുറിപ്പുകൾ വെവ്വേറെ ഇറക്കുന്നുണ്ട്.

ബാങ്കുകൾ അവയിലെ പൊതുസേവനങ്ങളുടെ നടപടിക്രമങ്ങൾ, പ്രകടനം എന്നിവയുടെ ഓഡിറ്റിനായുള്ള താല്കാലിക കമ്മിറ്റികൾ വഴി തുടർ പ്രവർത്തനം നടത്തണമെന്നുള്ള താരാപ്പൂർ സമിതി ശുപാർശകൾ റിസർവ് ബാങ്ക് ബാങ്കുകൾക്ക് അയച്ചിട്ടുണ്ട്.  ഈ മേഖലകളിലെ നടപടിക്രമങ്ങളും പ്രയോഗങ്ങളും വിശിഷ്യാ വ്യക്തികളുടെ ഇടപാടുകളുമായി ബന്ധപ്പെട്ടവ, ലളിതമാക്കാനുള്ള നടപടികൾ കൈകൊള്ളണമെന്ന് റിസർവ് ബാങ്ക് ഓഫ്

ഇൻഡ്യ താൽകാലിക കമ്മിറ്റികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉപഭോക്താക്കളുമായി ആദ്യം സമ്പർക്കം വരുന്ന സ്ഥാനത്ത് പരിശീലനം ലഭിച്ച, അറിവുള്ള ജീവനക്കാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണമെന്ന് റിസർവ് ബാങ്ക്, ബാങ്ക് തല താൽകാലിക കമ്മിറ്റികളോട് ഉപദേശിച്ചിട്ടുണ്ട്.

അൽപ്പന കില്ലാവാല
ചീഫ് ജനറൽ മാനേജർ

പത്രക്കുറിപ്പ് നമ്പർ 2003-2004/1377